പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3302 | 16.12. 2015-ൽ മറുപടിക്ക്

# നഗരങ്ങളിൽ എല്ലാവർക്കും വീട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിൽ എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. എല്ലാവർക്കും ഭവനം 2022 (പ്രധാനമന്ത്രി ആവാസ് യോജന) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ഘട്ടത്തിൽ 14 നഗരസഭകളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2017-ഓടു കൂടി എല്ലാ നഗരസഭകളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളെയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൊടുപുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കൽപ്പറ്റ, കാസർഗോഡ് എന്നീ നഗരസഭകളെയാണ് പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുത്തിരിക്കുന്നത്. |
| (സി) നഗരസഭകളെ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളെയോ ഒരുലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളെയോ ആണ് ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിലെ ഏക നഗരസഭയായ തൊടുപുഴ നഗരസഭയെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ